LIBRARY ARCHIVES Kerala Legislative Assembly

ഹാന്റ്ക്സിന്റെ പ്രവർത്തനം

180 (8016) ശ്രീ. ടി. വി. രാജേഷ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാന്റ്ക്സിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രൈമറി സംഘങ്ങളിൽ നിന്നും ഹാന്റ്ക്സ് സംഭരിച്ച തുണിത്തരങ്ങളുടെ വില കുടിശ്ശികയാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കൈത്തറി സംഘങ്ങളിൽ നിന്നും തുണിത്തരങ്ങൾ വാങ്ങുന്നതിനേക്കാൾ ഹാന്റ്ക്സിനു താല്പര്യം അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്നതാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രൈമറി സംഘങ്ങളിൽ നിന്ന് തുണിത്തരങ്ങൾ വാങ്ങിയ ഇനത്തിൽ ഹാന്റ്ക്സ് നൽകാനുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും പ്രൈമറി സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന തുണിത്തരങ്ങൾ കൂടുതൽ സംഭരിക്കുന്നതിനും ഹാന്റ്ക്സിനെ സജ്ജമാക്കുന്നതിന് എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല. എന്നാൽ അന്യസംസ്ഥാനങ്ങളിൽനിന്ന് തുണിത്തരങ്ങൾ വാങ്ങുന്നുണ്ട്.

(ഡി) കേന്ദ്ര സർക്കാരിന്റെ റിവൈവൽ, റീഫോം & റീസ്ട്രക്ചറിംഗ് പദ്ധതി നടപ്പിലാക്കുമ്പോൾ പ്രാഥമിക സംഘങ്ങളുടെ കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർക്കുവാൻ സാധിക്കുന്നതാണ്. പ്രൈമറി സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന വിൽപ്പനയോഗ്യമായ തുണിത്തരങ്ങൾ ഹാന്റ്ക്സ് പരമാവധി സംഭരിക്കുന്നതാണ്.

കൈത്തറി വികസനം

181 (8017) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിൽ ഒന്നായ കൈത്തറിയുടെ വികസനത്തിനായി സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര കൈത്തറി സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഹാന്റ്-ടെക്സ്റ്റിന് കോഴിക്കോട് ജില്ലയിൽ എത്ര വില്പന കേന്ദ്രങ്ങൾ ഉണ്ടെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ഡി) പല വില്പന കേന്ദ്രങ്ങളും ശോച്യാവസ്ഥയിൽ ആയതുകാരണം ഉപഭോക്താക്കൾ എത്തുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇതു പരിഹരിച്ച് വില്പനകേന്ദ്രങ്ങളെ ആകർഷകമാക്കി വില്പന വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിൽ ഒന്നായ കൈത്തറിയുടെ വികസനത്തിനായി നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്ത് 431 കൈത്തറി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(സി) ഹാന്റ്ക്സിന് കോഴിക്കോട് ജില്ലയിൽ 9 വിൽപ്പന കേന്ദ്രങ്ങളുണ്ട്. അവ താഴെപ്പറയുന്ന സ്ഥലങ്ങളിലാണ്.

1. ബാലുശ്ശേരി
2. കോഴിക്കോട് നമ്പർ I കോഴിക്കോട്, കല്ലായി റോഡ്
3. ഫറൂക്ക്-നമ്പർ 1-ഫറൂക്ക്
4. കൊയിലാണ്ടി-കൊയിലാണ്ടി
5. കോഴിക്കോട്-ഷോറൂം- കോഴിക്കോട്
6. കോഴിക്കോട്-ദോത്തി ഷോറൂം- കോഴിക്കോട്
7. കോഴിക്കോട്-റിഡക്ഷൻ സെന്റർ - കോഴിക്കോട്
8. വടകര ഷോറൂം-വടകര
9. കല്ലാച്ചി ഷോറൂം-കല്ലാച്ചി

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) വിൽപന ശാലകളുടെ നവീകരണത്തിനായി 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ ആരംഭിച്ച് ഉടൻതന്നെ പണികൾ പൂർത്തീകരിക്കുന്നതാണ്. ഡിപ്പോ നവീകരിക്കുന്നതുവഴി അവ ആകർഷകമാക്കുവാനും വിൽപന വർദ്ധിപ്പിക്കുവാനും സാധിക്കും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly